Set 1 ഹയർ സെക്കന്ററി അർധവാർഷിക പരീക്ഷ 2017-18

# പേപ്പർ രണ്ട്

# മലയാളം

HSE (II)

സമയം : 2½ മണിക്കൂർ

ആകെ സ്കോർ : 80

**പൊതുനിർദ്ദേശങ്ങൾ**

- ഉത്തരമെഴുതുന്നതിനുമുമ്പായി ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കേണ്ടതാണ്.
- അതിനായി നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനുട്ട് അധികസമയം ഉണ്ടായിരിക്കും.
- എല്ലാ വിഭാഗത്തിലും നിർദ്ദേശിച്ചുള്ള എണ്ണം ചോദ്യങ്ങൾക്കു മാത്രമേ ഉത്തരമെഴുതേണ്ടതുള്ളു.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക.**

**(2 സ്കോർ വീതം)** (2 x 5 = 10)

1. കേശിനി വിദഗ്ധയായ തോഴിയാണെന്ന് തെളിയിക്കുന്ന ഒരു സൂചന കണ്ടെത്തുക.

   മാതൃക : അറിഞ്ഞ കാര്യങ്ങൾ ദമയന്തിയെ രഹസ്യമായി ധരിപ്പിക്കുന്നു.

2. താഴെ കൊടുത്തിരിക്കുന്നവയിൽനിന്ന് പുലിക്കോട്ടിൽ ഹൈദറുടെ കൃതികൾക്ക് യോജിച്ച രണ്ട് സവിശേഷതകൾ എടുത്തെഴുതുക.
   - യുദ്ധവർണ്ണനകളുടെ ധാരാളിത്തം
   - മതേതരവും പ്രാദേശികവുമായ പ്രമേയം
   - നാട്ടുമൊഴികൾക്ക് പ്രാധാന്യം
   - സംസ്കൃതപദങ്ങൾക്ക് അമിതപ്രാധാന്യം

3. 'നിന്നുകൊണ്ട്'എന്നതിന് താഴെ നൽകിയ രണ്ടുവാക്യത്തിലും വന്നുചേരുന്ന അർത്ഥവ്യത്യാസം വ്യക്തമാക്കുക.
   - ഈ പാട്ടുകാരൻ സ്ത്രീ പക്ഷപാതിയായി നിന്നുകൊണ്ട് അനവധി രചനകൾ നടത്തിയിട്ടുണ്ട്.
   - അയാൾ അത്രയും സമയം നിന്നുകൊണ്ട് യാത്രചെയ്യുകയായിരുന്നു.

4. സഞ്ചാരസാഹിത്യകൃതികളെ ആകർഷകമാക്കുന്ന രണ്ട് സവിശേഷതകൾ എഴുതുക.

   മാതൃക : സന്ദർശിക്കുന്ന പ്രദേശത്തിന്റെ മനോഹാരിത വാക്കുകളിലൂടെ ആവിഷ്കരിക്കുക.

5. 'മേരുവും കടുകുമുള്ളന്തരമുണ്ടു നമ്മിൽ' ആരെല്ലാം തമ്മിലുള്ള വ്യത്യാസം സൂചിപ്പിക്കാനാണ് ഈ താരതമ്യപ്പെടുത്തൽ?

6. താഴെ കൊടുത്തവയിൽ ശുഭപ്രതീക്ഷയുടെ സൂചന തരുന്ന രണ്ട് കല്പനകൾ എടുത്തെഴുതുക.
   - നിഴലായിട്ടമ്പിളി വളരും
   - കടുനോവിൻ കോട്ട
   - മാന്തോപ്പുകളുരുകും മണ്ണ്
   - വനമോടികളാടിത്തെളിയും

**7 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക.**

**(4 സ്കോർ വീതം)** (4 x 6 = 24)

7. 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിന്റെ അവതരണത്തിനുശേഷം നടക്കുന്ന ചർച്ചാവേദിയിൽവച്ച് നാടകത്തെ സംബന്ധിച്ച് സംവിധായകനോട് ചോദിക്കാനായി 4 ചോദ്യങ്ങൾ തയാറാക്കുക.

8. 'സംഗീതത്തെക്കുറിച്ചും എന്നെക്കുറിച്ചും പറയേണ്ടിവരുമ്പോഴൊക്കെ ഞാനെന്റെ ബാപ്പയുടെ ഈണം കേൾക്കുന്നു' കലാമണ്ഡലം ഹൈദരലിയുടെ ഈ വാക്യത്തിൽ തെളിയുന്ന മനോഭാവം വിശദീകരിക്കുക.

9. മാപ്പിളപ്പാട്ടിലെ ഏതെങ്കിലും ഒരു വിഭാഗത്തെ പരിചയപ്പെടുത്തുന്ന കുറിപ്പ് തയാറാക്കുക.
   - കത്ത് പാട്ട്

• മാലപ്പാട്ട്

10. 'തുണി മോഷ്ടിച്ചെങ്കിലതു കാണുന്നവരുടെ

നാണം കാക്കാനായിരുന്നല്ലോ.'

ഈ വരികളിലെ ഹാസ്യം എന്താണ്? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

11. 'ഇരുട്ടു കുത്തനെ പതിച്ചതുപോലെ മുറിയിലേക്കു കടന്ന സന്ദർശക' - ഗൗളീജന്മത്തിലെ ഈ പ്രയോഗത്തിൽ നിന്ന് സന്ദർശക എന്ന കഥാപാത്രത്തെക്കുറിച്ച് ലഭിക്കുന്ന ധാരണ വ്യക്തമാക്കുക.

12. 'കടുകിന്മണി മാത്രമുള്ളോരു പരദോഷ

മുടനേ കാണുന്നു നീ' (കണ്ണാടി കാണ്മോളവും)

'കുറവു പറഞ്ഞു നശിപ്പിക്കുന്നു

കുറവറ്റീടിന മുനികുലനാഥൻ' (കൊള്ളിവാക്കല്ലാതൊന്നും)

ശകുന്തള, ശീലാവതി എന്നിവരുടെ അഭിപ്രായങ്ങൾ സ്ത്രീകൾ നേരിടുന്ന ഏത് അവസ്ഥയെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്? വിശദീകരിക്കുക.

13. നിങ്ങളെ ആകർഷിച്ച സാമൂഹികപ്രാധാന്യമുള്ള ഒരു കാർട്ടൂണിന്റെ ഉള്ളടക്കവും അതിനോടുള്ള പ്രതികരണവും കുറിക്കുക.

**14 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)**

(6 x 4 = 24)

14. 'പുലിക്കോട്ടിൽ ഹൈദർ വിജയിച്ചത് സ്ത്രീയുടെ നൊമ്പരം ചിത്രീകരിച്ചതിലാണ്.' - എം. എൻ. കാരശ്ശേരിയുടെ ഈ നിരീക്ഷണം പാഠഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.

15. 'എവിടെപ്പോയെന്റെ ദിനങ്ങൾ?

എവിടെപ്പോയെന്റെ കിടാങ്ങൾ?'

ഒരു ജനതയ്ക്ക് നഷ്ടപ്പെട്ട സൗഭാഗ്യങ്ങളെക്കുറിച്ച് ഈ വരികൾ സൂചിപ്പിക്കുന്നുണ്ടോ? വിശകലനം ചെയ്യുക.

16. ആത്തോലേ ഈത്തോലേ കുഞ്ഞാത്തോലേ ഏ

ഞാനൊരു കാരിയം ചൊല്ലാം കേട്ടോ ഓ

കേട്ടാൽ പൊളിയെന്നേ തോന്നൂ കേട്ടോ ഓ

കുഞ്ഞുറുമ്പിന്റെ കാതുകുത്തീ ഈ

തെങ്ങുമുറിച്ചു കരടുമിട്ടു ഈ

ഉപ്പും ചിരട്ടയ്ക്കു പല്ലുവന്നു ഈ

വെള്ളാരം കല്ലിനു മീശ വന്നു ഈ

മീശയിൽ തൂങ്ങി രണ്ടാന ചത്തു ഈ

'അയുക്തി ഹാസ്യത്തിനു കാരണമാവാറുണ്ട്' - ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മുകളിലെ വരികളെയും തേങ്ങ എന്ന കവിതയെയും വിശകലനം ചെയ്യുക.

17. പ്രകാശം ജലംപോലെയാണ് എന്ന കഥയിലെ കാർട്ടജിനയും മാഡ്രിഡും രണ്ടു സംസ്കാരങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ഈ ആശയത്തോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക.

18. വിവരസാങ്കേതികവിദ്യയും സാമൂഹികമാധ്യമങ്ങളും വ്യാപകമാവുന്ന കാലത്ത് യാത്രാവിവരണങ്ങളുടെ പ്രസക്തി കുറയുകയാണോ? നിഗമനങ്ങൾ അവതരിപ്പിക്കുക.

**ഖണ്ഡിക വായിച്ച് താഴെ നൽകിയ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2 സ്കോർ വീതം)**

(2 x 3 = 6)

വായനയിലെ വാക്ക് മനുഷ്യന് ചുറ്റും ഏകാന്തത നിറയ്ക്കുമ്പോൾ ദൃശ്യബിംബം അവനെ ആൾക്കൂട്ടത്തിൽ ചേർക്കുന്നു. വായന പൂർണ്ണമായും ഒരു സാമൂഹിക പ്രക്രിയയല്ല. ഒരു പുസ്തകം

ഒരാൾക്ക് മാത്രമേ ഒരു സമയത്ത് വായിക്കാൻ കഴിയൂ. വേണമെങ്കിൽ മറ്റുള്ളവർ കേൾക്കെ വായിക്കാം. എന്നാൽ ഒരു ദൃശ്യബിംബത്തെ ഒരാൾക്കൂട്ടത്തിന്, സമൂഹത്തിന് ഒരേ സമയം കാണാം. കണ്ണുകൾ കൊണ്ട് ദൃശ്യബിംബത്തെ വായിക്കാം. അതുകൊണ്ട് വീഡിയോ ദൃശ്യങ്ങളാണ് ഇപ്പോഴത്തെ വാക്കുകൾ. ദൃശ്യങ്ങൾ വാക്കുകളുടെയും വായനയുടെയും സ്ഥാനം കൈയടക്കിയിരിക്കുന്നു. ഇന്നത്തെ മനുഷ്യർ വാക്കുകളുടെ അർത്ഥത്തെ സംശയിക്കുന്നു, ചോദ്യം ചെയ്യുന്നു. എന്നാൽ അവർ ദൃശ്യങ്ങളുടെ ആധികാരികതയെ ചോദ്യം ചെയ്യാതെ സ്വീകരിക്കുന്നു, വിശ്വസിക്കുന്നു.

19. ദൃശ്യബിംബത്തെ വായിക്കുക എന്നതിന്റെ അർഥം താഴെ പറയുന്നവയിൽ ഏതാണ്?
   - പത്രത്താളുകളിലെ ദൃശ്യങ്ങൾ ആസ്വദിക്കുക.
   - ദൃശ്യങ്ങളുടെ ആന്തരികാർത്ഥം കണ്ടെത്തുക
   - ദൃശ്യബിംബങ്ങളെ അവഗണിക്കുക.
   - ദൃശ്യബിംബങ്ങളെ വിശ്വസിക്കുക

20. വാക്കും ദൃശ്യവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?

21. പുതിയ കാലത്തെ ജനങ്ങൾക്ക് ദൃശ്യങ്ങളോടുള്ള സമീപനം എന്താണ്?

**22 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (8 സ്കോർ വീതം)** (8 x 2 = 16)

22. കലകളെ സമൂഹത്തിന്റെ പൊതുസ്വത്താക്കുന്നതിൽ കലോത്സവങ്ങൾ, ദൃശ്യമാധ്യമങ്ങൾ, നവമാധ്യമങ്ങൾ എന്നിവ എന്ത് പങ്കാണ് വഹിക്കുന്നത്? സൂചനകൾ വികസിപ്പിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

   സൂചന :
   - ജാതീയവും മതപരവുമായ വേർതിരിവുകൾ ഇല്ലാതാക്കുന്നു
   - താത്പര്യമുള്ള എല്ലാവർക്കും ആസ്വദിക്കാനും പഠിക്കാനും അവസരം ഒരുങ്ങുന്നു
   - പ്രാദേശികകലകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നു.
   - കലാകാരന്മാർക്ക് പുതിയ സാധ്യത നൽകുന്നു

23. 'നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയാവാൻ ഏതു പെൺഗൗളിക്കും കഴിയും. പക്ഷേ, ഇത് ഞാൻ തന്നെ കണ്ടെത്തേണ്ട കാര്യമാണ്. തന്നെയുമല്ല, പെണ്ണുങ്ങളെക്കൊണ്ട് എന്തൊക്കെ സാധിക്കുമെന്നും എനിക്കറിയേണ്ടതുണ്ട്.'

   പെൺഗൗളിയുടെ ഈ വാക്കുകളിലെ ആത്മബോധവും സ്വാതന്ത്ര്യദാഹവും 'കണ്ണാടികാണ്മോളവും' എന്ന കാവ്യഭാഗത്തെ ശകുന്തളയിലും കാണുന്നുണ്ടോ? താരതമ്യം ചെയ്യുക.

24. 'എന്റെ കോഴിയെ നിങ്ങൾ പകുത്തോളിൻ
കോഴിക്കൊമ്പ് നിങ്ങളെടുത്തോളിൻ
പല്ലു നിങ്ങളെടുത്തോളിൻ
പൂവൻ മുട്ട നിങ്ങളെടുത്തോളിൻ
മുലയും നിങ്ങളെടുത്തോളിൻ
എന്റെ കോഴിയെ നിങ്ങൾ പകുത്തോളിൻ
പക്ഷേ,
എന്റെ കോഴിയെ മാത്രം എനിക്കു തരിൻ' (കോഴിപ്പങ്ക് - സച്ചിദാനന്ദൻ)

സ്വാർത്ഥനായ ഒരാളുടെ കാപട്യത്തെയാണോ കവി ആവിഷ്കരിക്കുന്നത്? ആക്ഷേപഹാസ്യത്തിന്റെ തലത്തിൽ 'മോഷണം' എന്ന കവിതയുമായി ഈ കവിതയിലെ ആശയത്തിനു സാമ്യമുണ്ടോ? പരിശോധിക്കുക.